"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കോട്ടയം നഗരസഭയിൽ ലൈബ്രേറിയൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. പി റ്റി ഷീലയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1590/2025/LSGD തീയതി,തിരുവനന്തപുരം, 25-06-2025

---

പരാമർശം:- 1. 18.12.2018 തീയതിയിലെ സ.ഉ(സാധാ) നം. 3174/2018/തസ്വഭവ.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 22.01.2025തിയതിയിലെ LSGD/PD/1205/2023-DEE4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം നഗരസഭയിലെ ലൈബ്രേറിയനായ ശ്രീമതി ഷീല പി. റ്റി നാട്ടകം സോണൽ ഓഫീസിന്റെ പരിധിയിൽ ജോലിചെയ്തു വരവേ 23.12.2014- ന് ഡ്യൂട്ടിസമയത്ത് സ്റ്റെപ്പിൽ കാൽവഴുതി വീഴുകയും ടിയാരിയുടെ നട്ടെല്ലിനും സ്പൈനൽകോഡിനും ക്ഷതമേൽക്കുകയും തുടർന്ന് എഴുന്നേൽക്കാനാകാത്ത അവസ്ഥയിലായി ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സയിലായിരുന്ന കാലയളവിൽ ടിയാരിയുടെ ലീവ് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള അവധികൾ 23/12/2014 മുതൽ 10.07.2015 വരെ അനുവദിച്ച നൽകുകയും തുടർന്നും ശാരീരിക ബുദ്ധിമുട്ടുകൾ കാരണം ജോലിയിൽ പ്രവേശിക്കാതിരുന്നതിനാൽ, നഗരകാര്യഡയറക്ടറുടെ ശിപാർശ പ്രകാരം 11/07/2015 മുതൽ 10.07.2017 വരെയുള്ള കാലയളവ് പ്രത്യേക അവശതാഅവധിയായി അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. അപകടത്തെ തുടർന്നുള്ള അവശതകൾ കാരണം തുടർന്നും ജോലിയിൽ തിരികെ പ്രവേശിക്കാൻ കഴിയാതെ അവധിയിൽ തുടർന്നതിനാൽ 11/07/2017 മുതൽ 11/06/2024 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നതിനായി ടിയാരി സമർപ്പിച്ച വിവിധകാലയളവിലെ അവധി അപേക്ഷയും, അനുബന്ധ രേഖകളും പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 14/06/1994 ലെ സർക്കുലർ നം.36/94/ധന യിൽ നിഷ്കർഷിക്കുന്ന രണ്ടാം വൈദ്യ പരിശോധനയുടെ അവസരം നഷ്ടമായതിനാൽ അപേക്ഷകയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം അനുവദിക്കാനാകില്ലായെന്നതിനാൽ, കോട്ടയം നഗരസഭയിലെ ലൈബ്രേറിയനായ ശ്രീമതി.പി.റ്റി.ഷീല-യ്ക്ക്, 11/07/2017 മുതൽ 11/06/2024 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ

അല്ലാത്ത ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി.പി.റ്റി.ഷീല, ലൈബ്രേറിയൻ, കോട്ടയം നഗരസഭ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, കോട്ടയം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 26-06-2025 10:30:33

സെക്ഷൻ ഓഫീസർ